**പതിനാലാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3991 25.06.2018 -ലെ മറുപടിക്ക്**

**കുന്ദമംഗലം മണ്ഡലത്തിലെ കോളനികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.ടി.എ. റഹീം** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി സങ്കേതങ്ങളുടെ വികസനത്തിന് നടപ്പിലാക്കിവരുന്ന അംബേദ്കർ ഗ്രാമം പദ്ധതിയിൽ പട്ടികജാതിക്കാർ കൂടുതലായി താമസിച്ചുവരുന്ന പുതിയ കോളനികളെ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | അടിസ്ഥാന സൗകര്യ വികസനത്തിൽ ഏറ്റവും പിന്നാക്കം നിൽക്കുന്നതും നാൽപ്പതോ, അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും ഫീസിബിളുമായ 2 കോളനികളെ വീതം ഒരു നിയോജക മണ്ഡലത്തിൽ നിന്നും എം.എൽ.എയുടെ ശുപാർശ പ്രകാരം തെരഞ്ഞെടുത്താണ് നിലവിൽ അംബേദ്കർ ഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നത്. പുതിയ കോളനികളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | കുന്ദമംഗലം നിയോജക മണ്ഡലത്തിൽ നാൽപതിലധികം പട്ടികജാതി കുടുംബങ്ങൾ താമസിച്ചു വരുന്ന എത്ര കോളനികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | 9 കോളനികൾ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ